പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.4057

25.06.2018-ൽ മറുപടിയ്ക്ക്

## നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുവാൻ പദ്ധതി

**ചോദ്യം**

ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. കെ. വി. അബ്ദുൾ ഖാദർ
ശ്രീ. എം. മുകേഷ്
ശ്രീ. കെ. സുരേഷ് കുറുപ്പ്

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി)

(എ) സംസ്ഥാനത്തിന്റെ പ്രബുദ്ധമായ സാംസ്കാരിക സാമൂഹ്യ പുരോഗതിക്ക് ആധാരമായ നവോത്ഥാന മൂല്യങ്ങൾ തകർക്കുന്നതിന് ചിലർ ബോധപൂർവ്വം നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) സമൂഹത്തിൽ ജാതി-മത ശക്തികൾ മേൽക്കോയ്മയ്ക്ക് ശ്രമിക്കുന്ന പ്രവണത ഇന്ത്യൻ സംസ്ഥാനങ്ങളിൽ വ്യാപകമാണ്. ഈ പ്രവണത ചെറിയ തോതിൽ നമ്മുടെ സംസ്ഥാനത്തും ഉണ്ട്.

(ബി) നവോത്ഥാന ആശയങ്ങൾ പ്രചരിപ്പിക്കുന്ന സാംസ്കാരിക കേന്ദ്രങ്ങളും നവോത്ഥാന സ്മാരകങ്ങളും സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) മതേതര സംസ്കാരം അനുവർത്തിച്ചു പോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടു പോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സാംസ്കാരിക മേഖലയെ വർഗ്ഗീയ വല്ക്കരിക്കുന്നത് തടയുന്നതിനും മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരേ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ വഴി

മുൻകൈയെടുത്ത് പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ഭാഗമായി നമുക്ക് ജാതിയോ മതമോ ഇല്ല എന്ന ശ്രീനാരായണ ഗുരുവിന്റെ വിളംബരത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകൈയെടുത്തു. ഈ പരിപാടി സംസ്ഥാന മൊട്ടാകെ 6000 ത്തോളം സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. ഇതേ മാതൃകയിൽ സ്വാമി വിവേകാനന്ദന്റെ കേരള സന്ദർശനത്തിന്റെ 125-ാം വാർഷികത്തിൽ "വിവേകാനന്ദ സ്വർഗ്ഗം" എന്ന പരിപാടിയും, മത തീവ്രവാദികൾ വധിച്ച മഹാത്മാ ഗാന്ധിയുടെ 70-ാം രക്തസാക്ഷി വാർഷികം "രക്ത സാക്ഷ്യം" എന്ന പേരിലും വിപുലമായി സംഘടിപ്പിക്കുകയാണ്.

| | |
|---|---|
| (സി) ജില്ലകൾ തോറും നവോത്ഥാന, സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത പദ്ധതികൾക്ക് ആവശ്യമായ തുക എവിടെ നിന്നും കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) ഉണ്ട്, നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും 50 കോടി രൂപ വീതം ചെലവാക്കി നിർമ്മിക്കുന്ന ഏതാണ്ട് 5 ഏക്കർ സ്ഥലത്ത് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതികൾക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി. പി. ആർ) തയ്യാറാക്കുന്നതിനായി ഏജൻസിയെ ടെണ്ടർ നടപടി മുഖേന തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതിക്കായി ഓരോ ജില്ലയിലും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ധ്രുതഗതിയിൽ പുരോഗമിച്ചു വരുന്നു. പത്തനംതിട്ട, കോട്ടയം, തിരുവനന്തപുരം എന്നിവ ഒഴികെയുള്ള ജില്ലകളിൽ സ്ഥല ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. ഡി. പി. ആർ പൂർത്തിയാക്കി ടെണ്ടർ നടപടികൾ പാലിച്ച് ലഭ്യമായ സ്ഥലങ്ങളിൽ നിർമ്മാണ |

പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. കിഫ്ബിയിൽ (KIIFB) നിന്നും, ഒരു ജില്ലയിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് ശരാശരി 50 കോടി രൂപ എന്ന നിരക്കിൽ 14 ജില്ലകൾക്ക് ആകെ 700 കോടി രൂപ അടങ്കൽ ആണ് നിശ്ചയിച്ചിട്ടുള്ളത്. ടെണ്ടർ ചെയ്യുന്ന മുറയ്ക്ക് പ്രവർത്തി ആരംഭിക്കുന്നതും പദ്ധതിയ്ക്കാവശ്യമായ തുക കിഫ്ബിയിൽ നിന്നും ലഭ്യമാവുന്നതുമാണ്.

സെക്ഷൻ ഓഫീസർ